# ഡോ. നിമ്മി ചെസ്സിൽ വുമൻ ഇന്റർനാഷണൽ മാസ്റ്റർ

**ചെങ്ങമനാട്** ▸ തൃക്കാക്കര ഭാരത മാതാ കോളേജിലെ കൊമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. നിമ്മി എ. ജോർജിന് ചെസ്സിൽ വുമൻ ഇന്റർനാഷണൽ മാസ്റ്റർ പദവി. കേരളത്തിൽനിന്ന് ആദ്യമായാണ് ഒരു വനിതയ്ക്ക് ഈ നേട്ടം ലഭിക്കുന്നത്. നിമ്മി ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പല തവണ പങ്കെടുത്തിട്ടുണ്ട്. 2021-ൽ ഗ്രീസിൽ നടന്ന ലോക അമെച്ചർ വനിത ചെസ് മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് വെള്ളിമെഡൽ നേടിയിരുന്നു. ആലുവ ദേശം അറയ്ക്കപ്പറമ്പിൽ റിട്ട. പ്രൊഫ. ജോർജ് ജോണിന്റെയും ലാലിയുടെയും മകളാണ് നിമ്മി.



▸ ഡോ. നിമ്മി

മാതൃഭൂമി 19/8/23